**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4403** **18-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ ആർ.ഡി.എസ്.എസ്. രണ്ടാംഘട്ട പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നഗരത്തിലെ വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി ആർ.ഡി.എസ്.എസ്. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പുത്തൂർ 33 കെ. വി. യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പുത്തൂർ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കേന്ദ്ര പദ്ധതിയായ ആർ.ഡി.എസ്.എസ് രണ്ടാംഘട്ട പദ്ധതിയുടെ അനുമതി ലഭ്യമായിട്ടില്ല.<br><br>ആർ.ഡി.എസ്.എസ്. രണ്ടാംഘട്ട പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ കോട്ടക്കൽ മണ്ഡലത്തിലെ പുത്തൂർ 33 കെ.വി. സബ്സ്റ്റേഷനു സ്ഥലം ലഭ്യമായിട്ടില്ല. ആർ.ഡി.എസ്.എസ്. രണ്ടാംഘട്ടത്തിൽ കോട്ടക്കൽ പുത്തൂർ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി ബഹു.കോട്ടക്കൽ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ മുനിസിപ്പാലിറ്റിയിൽ നടത്തിയ യോഗത്തിൽ ഒന്നിലേറെ സ്ഥലങ്ങൾ നിർദ്ദേശിക്കപ്പെടുകയും അവ പരിശോധിക്കുകയും ചെയ്തിരുന്നു. എന്നാൽ സബ്സ്റ്റേഷന് അനുയോജ്യമായ ഭൂമി ലഭ്യമായില്ല. അനുയോജ്യമായ സ്ഥലം സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുക്കുന്നതിനുള്ള അന്വേഷണം പുരോഗമിക്കുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ആർ.ഡി.എസ്.എസ്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കോട്ടക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റിപ്പുറം, വളാഞ്ചേരി, കോട്ടക്കൽ സെക്ഷനുകളിലെ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (ബി) | കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ, വളാഞ്ചേരി, കുറ്റിപ്പുറം എന്നീ സെക്ഷനുകളിലെ RDSS പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവൃത്തികൾക്ക് വർക്ക് അവാർഡ് ചെയ്തു സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കോട്ടക്കൽ സെക്ഷനിൽ 2 km പുതിയ HT ലൈൻ വലിക്കുന്നത്, 2 km പുതിയ LT ലൈൻ വലിക്കുന്നത്, 10.5 km LT കൺവെർഷൻ, ഒരു പുതിയ ട്രാൻസ്ഫോർമർ എന്നീ പ്രവൃത്തികളും, വളാഞ്ചേരി സെക്ഷനു കീഴിൽ 0.85 km HT ലൈൻ, 7.02 km LT കൺവെർഷൻ, 8 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ എന്നിവയും, കുറ്റിപ്പുറം സെക്ഷനു കീഴിൽ 15 km HT റീകണ്ടക്ടറിങ്, 6 km പുതിയ HT ലൈൻ വലിക്കൽ, |

| | | | |
|---|---|---|---|
| | | | 4.4 km LT കൺവെർഷൻ, 12 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 2 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, 850m UG കേബിൾ ഇടുന്ന പ്രവൃത്തി എന്നിവയും ഉൾപ്പെടുന്നു. |
| (സി) | കോട്ടക്കൽ, എടരിക്കോട് ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ പുതിയ 11 കെ.വി. ഫീഡർ സ്ഥാപിക്കുന്നതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ? | (സി) | എടരിക്കോട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന പെരുമണ്ണ, ക്ലാരി പ്രദേശങ്ങളിലേക്ക് 2023-24 സാമ്പത്തിക വർഷത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പുതിയ ഫീഡർ നിലവിൽ വന്നിട്ടുണ്ട്. കോട്ടക്കൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലേക്ക്, പ്രവൃത്തി പുരോഗമിക്കുന്ന കാടാമ്പുഴ സബ്സ്റ്റേഷനിൽ നിന്നും രണ്ടു പുതിയ ഫീഡറുകൾ മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2026-27 സാമ്പത്തിക വർഷത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ